ADJOURNMENT MOTIONS.

MR. PRESIDENT : രണ്ടു് അടിയന്തിരപ്രമേയങ്ങൾ കിട്ടിയിട്ടുണ്ടു്. ഒന്നു മി. മാന്നാർ ഗോപാലൻനായരുടേതാണു്.

"ടെക്സ്റ്റയിൽ സംബന്ധമായി ഇപ്പോഴുണ്ടായിട്ടുള്ള 'സി' ലൈസൻസുകാരിൽ ഭൂരിഭാഗവും ഏതോ കാരണത്താൽ അവരുടെ കോട്ടാ എടുക്കുന്നതിൽ വൈമുഖ്യം കാണിക്കുന്നതുകൊണ്ടു നാട്ടിൽ ഉണ്ടായിട്ടുള്ള ഗൗരവതരമായ വിഷമാവസ്ഥയെപ്പറ്റി വാഗ്പ്രതിവാദം ചെയ്യുന്നതിനു സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നു ഈ യോഗം അഭിപ്രായപ്പെടുന്നു."

ഈ അടിയന്തിരപ്രമേയത്തിൽ പറയുന്ന കാര്യങ്ങളെപ്പറ്റി ഈ വകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഒരു വിശദീകരണം നൽകുന്നതായിരിക്കും.

HON'BLE MR. A. J. JOHN : റീട്ടെയിൽ കച്ചവടക്കാർക്കു മിൽത്തുണികളുടെ കോട്ടാ വീതിച്ചുകൊണ്ടുള്ള ഓർഡറുകൾ ഫെബ്രുവരി മുതൽ ടെക്സ്റ്റയിൽ കമ്മീഷണർ അയച്ചുകൊണ്ടിരിക്കുകയാണു്.

ഫാക്ടറി ലൈസൻസുകാരുടെ (ഇംപോർട്ടു് ലൈസൻസുകാരുടെ) കൈവശമായി നമ്മുടെ ബെയിൽ തുണി സ്റ്റാക്കുണ്ടു്. കഴിഞ്ഞ കൺട്രോൾ കാലത്തു് ടെക്സ്റ്റൈൽസുണ്ടായിരുന്ന ടൈപ്പ് റീട്ടെയിൽ കച്ചവടക്കാർക്കായി ഈ സ്റ്റാക്കു് തുല്യമായി വീതിക്കയാണു് ചെയ്യുന്നതു്. ഇങ്ങനെ വീതിക്കുമ്പോൾ ഓരോ റീട്ടെയിൽ കച്ചവടക്കാരനും ഉദ്ദേശം അര ബെയിൽ തുണി കിട്ടും. ഇതിന്റെ വില ഉദ്ദേശം 100 രൂപാ ആയിരിക്കും. ഈ വിതരണസംപ്രദായംകൊണ്ടു് എല്ലാ റീട്ടെയിൽ കച്ചവടക്കാർക്കും തുല്യമായ വീതം തുണി കിട്ടുന്നതാണു്. ഒരു കച്ചവടക്കാരനും പ്രത്യേകമായ യാതൊരു സൗജന്യമോ മുൻഗണനയോ ലഭിക്കുന്നതല്ല. വിശേഷിച്ചു് ഈ സംപ്രദായംകൊണ്ടു് രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള ജനങ്ങൾക്കും തുണി വാങ്ങുന്നതിനുള്ള സൗകര്യം കിട്ടുന്നതുമാകുന്നു.

നാളിതുവരെ ഉദ്ദേശം 1100 കച്ചവടക്കാർക്കു കോട്ടാ നിശ്ചയിച്ചുള്ള ഓർഡറുകൾ പോയിട്ടുണ്ടു്. തിരുവനന്തപുരം ഡിവിഷനിലെ എല്ലാ താലൂക്കുകളും കൊല്ലം ഡിവിഷനിലെ ഭൂരിപക്ഷം താലൂക്കുകളും കോട്ടയം ഡിവിഷനിലെ ഏതാനും താലൂക്കുകളും ഈ ഓർഡറുകളിൽ ഉൾപ്പെട്ടിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ഇനിയും ആർഡറുകൾ അയക്കുന്നതിനു കൊല്ലം ഡിവിഷനിലേയും കോട്ടയം ഡിവിഷനിലേയും ചില താലൂക്കുകൾ ശേഷിക്കുന്നുണ്ട്. ഈ താലൂക്കുകൾക്കെല്ലാംകൂടി ൨,൫൦൦ ആർഡറുകൾ ആണ് അയക്കേണ്ടതായിട്ടുള്ളത്. ആർഡറുകൾ എത്രയും വേഗത്തിൽ എഴുതിത്തീർക്കുന്നതും തീർന്നാലുടനെ, അതായതു മൂന്നുനാലു ദിവസത്തിനകം അയയ്ക്കുന്നതുമാണ്.

ഇപ്പോൾ അയച്ചുകഴിഞ്ഞിട്ടുള്ള ൫,൫൦൦ ആർഡറുകളിൽ ഒരെണ്ണംപോലും കൈയ്യിറുന്നതിനു വിസമ്മതിച്ചു് മടങ്ങിവന്നിട്ടില്ല. പഴയ ലൈസൻസുകാർ മരിച്ചിട്ടുള്ള കേസുകളിൽ മാത്രം ആർഡറുകൾ അഞ്ചൽ ഡിപ്പാർട്ടുമെന്റിൽ നിന്ന് ആ കാരണംമൂലം മടക്കിഅയച്ചിട്ടുണ്ട്. സി. ലൈസൻസുകാർ കോട്ടാകും സ്വീകരിക്കാൻ വൈമുഖ്യം കാണിക്കുന്നതുമൂലം ഒരു അടിയന്തിരാവസ്ഥ ഉണ്ടായിട്ടുണ്ടെന്നു പറയുന്നതു് അടിസ്ഥാനരഹിതവും അതിശയോക്തിപരവുമാണ്.

ടെക്സ്റ്റൈൽ കമ്മീഷണർ കഴിഞ്ഞ ആഴ്ചയിൽ കോട്ടയം മീനച്ചൽ കുന്നത്തുനാട് ഈ താലൂക്കുകളും അസിസ്റ്റന്റു് ടെക്സ്റ്റയിൽ കമ്മീഷണർ നെടുമങ്ങാട്, നെയ്യാറിൻകര, കൽക്കുളം, അഗസ്തീശ്വരം ഈ താലൂക്കുകളും സന്ദർശിച്ചു. ഈ താലൂക്കുകളിലെല്ലാം റിട്ടെയിൽ കച്ചവടക്കാർ ഉൽസാഹപൂർവ്വംകോട്ടാകും സ്വീകരിക്കുകയും വിതരണം നടത്തുകയും ചെയ്യുവരുന്നുണ്ട്.

ഇപ്പോഴത്തെ വിതരണരീതി ജനങ്ങൾക്കു് പൊതുവിൽ തൃപ്തികരമായിത്തീർന്നിട്ടുണ്ട്. റേഷൻകാർഡ് ഹാജരാക്കുക, ക്രമപ്പെടുത്തിയിട്ടുള്ള കണക്കിനു മാത്രം തുണി വാങ്ങിക്കുക, ഈ വക നിബന്ധനകളൊന്നും അനുസരിക്കേണ്ടതായിട്ടില്ലാത്തതിനാൽ ജനങ്ങൾക്കു യാതൊരു അസൗകര്യത്തിനും ഇപ്പോൾ കാരണമില്ല.

നിത്യവും ഓരോ എ ലൈസൻസുകാരനും ൧൫൦ മുതൽ ൨൫൦ വരെ റീട്ടെയിൽ കച്ചവടക്കാർക്കു തുണി വിതരണം ചെയ്യുന്നതായി റിപ്പോർട്ടു കിട്ടിയിട്ടുണ്ട്. പരിശോധനയിൽ സകല എ. ലൈസൻസുകാരും വളരെ ധൃതിയായി വിൽപ്പന നടത്തുന്നതായിട്ടാണ് കണ്ടിരിക്കുന്നതു്.

അതിനാൽ സി ലൈസൻസുകാർ കോട്ടാകും ശരിയായിവാങ്ങിക്കുന്നില്ലെന്നുള്ള പ്രസ്താവനയ്ക്കു യാതൊരടിസ്ഥാനവുമില്ല.

MR MANNAR GOPALA NAIR: ഈ അടിയന്തിരപ്രമേയം ഞാൻ പിൻവലിക്കുന്നു.

MR. PRESIDENT : അടുത്ത അടിയന്തിരപ്രമേയം മി. ഏ. കെ. പാച്ചുപിള്ളയുടേതാണ്.

LIBRARY ARCHIVES Kerala Legislative Assembly